**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **06-02-2023 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിക്ക് കുടിശിക ഇനത്തിൽ ലഭിക്കാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിക്ക് ഉപഭോക്താക്കളിൽ നിന്നും കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) | **12/2022 ലെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി) പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഉപഭോക്താക്കളിൽ നിന്നും കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക-1591.80 കോടി രൂപയാണ്.** |
| (ബി) | ഇതിൽ ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ കുടിശ്ശിക എത്രയെന്നും സർക്കാർ വകുപ്പുകളുടെ കുടിശ്ശിക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | • **ഗാർഹികം -190.63 കോടി**<br>• **ഗാർഹികേതരം-133.09കോടി (സർക്കാർ പൊതുമേഖല ഒഴികെ )**<br>• **മറ്റുള്ളവ-79.84കോടി**<br>• **പൊതുമേഖല സ്ഥാപനങ്ങൾ :10. 57 കോടി**<br>• **സർക്കാർ ഓഫീസുകൾ :222.12 കോടി**<br>• **തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ: 955.55കോടി** |
| (സി) | പ്രസ്തുത കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ആയിനത്തിൽ പിരിച്ചെടുത്ത കുടിശിക തുക എത്രയെന്നും വിശദമാക്കുമോ? | (സി) | **പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ചു കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടക്കണം എന്ന് കാണിച്ചു ജല വിഭവ വകുപ്പ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർക്ക് കത്തു നൽകിയിട്ടുണ്ട്.**<br><br>**സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്ര ശ്രമം കേരള വാട്ടർ അതോറിറ്റി നടത്തി വരുന്നു. യുദ്ധകാല അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ടി എല്ലാ ഓഫീസുകളിലും 01/01/2023 മുതൽ 31/03/2023 വരെ ''വാർ റൂമുകൾ'' പ്രവർത്തിച്ചു വരുന്നു. ആംനെസ്റ്റി സ്കീം പ്രകാരം 01-02-2023 വരെ 42.16 കോടി രൂപ** |

| | | | |
|---|---|---|---|
| | | | **പിരിച്ചെടുത്തിട്ടുണ്ട്. 118.90 കോടി രൂപ തവണകളായി അടക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ